# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 1600 03/10/2011 ൽ മറുപടിക്ക്

## പോലീസ് ഓഫീസർമാർക്ക് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥലംമാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.സുധാകരൻ:<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ:<br>ശ്രീ.എസ്.ശർമ്മ:<br>ശ്രീ. ബി.സത്യൻ: | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ പോലീസ് ഓഫീസർമാരുടെ സ്ഥലംമാറ്റങ്ങളും അതിന് പിന്നിൽ നടക്കുന്നതുമായ ക്രമക്കേടുകളും സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ; | (എ) ക്രമക്കേടുകൾ ഒന്നും തന്നെയില്ല |
| (ബി) എസ്.ഐ.മുതൽ മുകൾതട്ടിലുള്ള എത്ര പോലീസ് ഓഫീസർമാരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം സ്ഥലം മാറ്റുകയുണ്ടായി; ഒന്നിലധികം തവണ സ്ഥലം മാറ്റപ്പെട്ട ഓഫീസർമാരെത്ര; | (ബി) എസ്.ഐ മുതൽ മുകൾതട്ടിലുള്ള 883 ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടുണ്ട്. ഇതിൽ 75 പേരെ ഒന്നിലധികം തവണ സ്ഥലം മാറ്റപ്പെട്ടിട്ടുണ്ട്. |
| (സി) സ്ഥലം മാറ്റങ്ങൾക്ക് നിലവിൽ മാനദണ്ഡമുണ്ടോ; മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ സ്ഥലം മാറ്റങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ? | (സി) പോലീസ് സേനയുടെ ഭരണപരമായ സൗകര്യവും സുഗമവും കാര്യക്ഷമവുമായ നടത്തിപ്പ്,അച്ചടക്കം, ജില്ലയിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്നിവ മൂലം കാലപരിധിയോ, ദൂര പരിധിയോ എല്ലായിപ്പോഴും കൃത്യമായി പാലിക്കുക പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ